**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1864** **08-02-2023 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവീസ് കായിക മേളയിലെ വിജയികൾക്ക് മെറിറ്റ് സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സിവിൽ സർവീസ് കായിക മേളയിലെ വിജയികൾക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ അകാരണമായ കാലതാമസം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2022 ഡിസംബറിൽ കോഴിക്കോട് നടന്ന സ്റ്റേറ്റ് സിവിൽ സർവീസ് കായികമേളയിൽ പങ്കെടുത്തവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് അന്നേ ദിവസം നൽകാൻ കഴിഞ്ഞിരുന്നില്ല. സർട്ടിഫിക്കറ്റിൽ ജില്ലാ സെക്രട്ടറിയും സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡയറക്ടറും ഒപ്പ് വയ്ക്കേണ്ടതിനാലാണ് കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (ബി) | സ്പോർട്സ് കൗൺസിലിന് മുഴുവൻ സമയ സെക്രട്ടറിമാർ ഇല്ലാത്തതാണ് ഇത്തരത്തിൽ കാലതാമസം നേരിടുന്നതിന് കാരണം എന്ന് കരുതുന്നുണ്ടോ; എങ്കിൽ നിലവിൽ ഏതെല്ലാം ജില്ലകളിലെ സ്പോർട്സ് കൗൺസിലിലാണ് ഇൻ-ചാർജ് സെക്രട്ടറിമാർ സേവനം ചെയ്തു വരുന്നത്; കണക്കുകൾ വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ഇത്തരത്തിൽ ചാർജ് വഹിക്കുന്ന സെക്രട്ടറിമാർ നൽകുന്ന സർട്ടിഫിക്കറ്റിൽ സെക്രട്ടറി ഇൻ-ചാർജ് എന്ന് രേഖപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ടോ; വിശദമാക്കാമോ; | (സി) | അത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടില്ല. |
| (ഡി) | സിവിൽ സർവീസ് മേളകളിൽ പങ്കെടുത്ത് വിജയികളായവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ